A6-8498

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരളത്തിലെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി 6 ലക്ഷം രൂപയിൽ നിന്ന് 8 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (കൈ) നം.03/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 09.04.2018.

==========================================================================

പരാമർശം:-
1. 26.09.2009 -ലെ സ.ഉ. (പി) നം.81/2009/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ്.
2. 31.01.2014 -ലെ സ.ഉ. (കൈ) നം.05/2014/പി.സ.വി.വ. നമ്പർ ഉത്തരവ്.
3. കേന്ദ്ര പേഴ്സണൽ & ട്രെയിനിംഗ് മന്ത്രാലയത്തിന്റെ 13.09.2017 -ലെ ഓഫീസ് മെമ്മോറാണ്ടം നം. 36033/1/2013-Estt. (Res.).

**ഉത്തരവ്**

സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി 4.5 ലക്ഷം രൂപയായി നിശ്ചയിച്ചുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം 2 -ലെ ഉത്തരവ് പ്രകാരം പ്രസ്തുത വരുമാന പരിധി 4.5 ലക്ഷം രൂപയിൽ നിന്ന് 6 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു.

2. പരാമർശം 3-ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്രസർക്കാർ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി 6 ലക്ഷം രൂപയിൽ നിന്ന് 8 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി 6 ലക്ഷം രൂപയിൽ നിന്നും 8 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ഡോ. വേണു. വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

(.....2)